*➯ കൊച്ചു മൂന്നാം ക്ലാസ്സുകാരിക്ക് എന്തായിരുന്നു ടോട്ടോചാൻ? ➯*

# ടോട്ടോചാനെ അവളുടെ പ്രായത്തിൽ പരിചയപ്പെട്ടപ്പോൾ

രണ്ടു തലത്തിൽ, രണ്ടു ഘട്ടങ്ങളിൽ ടോട്ടോചാനിലൂടെ കടന്നുപോയപ്പോഴുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു തിരുവനന്തപുരം കോട്ടൺഹിൽ സർക്കാർ സ്കൂളിലെ വിദ്യാർത്ഥിനി

**റെയിൻ സൂസൻ എബ്രഹാം**

**മൂന്നാം** ക്ലാസിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി ടോട്ടോചാൻ വായിക്കുന്നത്. അതിനുമുമ്പ് തന്നെ, ഉറങ്ങാൻ കിടക്കുമ്പോൾ അമ്മ പറഞ്ഞുതരുന്ന കഥകളിലൂടെ, കോബായാഷി മാസ്റ്ററും റ്റോമോഗാകെൻ എന്ന സ്കൂളും എനിക്ക് പരിചിതമായിരുന്നു. വായന തുടങ്ങി മുഴുമിപ്പിച്ച പുസ്തകം, പിന്നെയും പിന്നെയും വായിച്ചുകൊണ്ടിരിക്കലായി പിന്നീട്. പത്തോ അതിൽ കൂടുതലോ തവണ, മൂന്നാം ക്ലാസ് പിന്നിടുന്നതിനു മുൻപ് തന്നെ ഞാൻ വായിച്ചിട്ടുണ്ടാവണം, ടോട്ടോചാനെ. അവസാനം, ഒരു പുസ്തകത്തിൽ തന്നെ കുടുങ്ങിക്കിടക്കുന്നു വായന എന്നു പറഞ്ഞ്, അപ്പാ ആ പുസ്തകം ഒളിപ്പിച്ചു വയ്ക്കുകയാണുണ്ടായത്. പുസ്തകം കണ്ടുപിടിയ്ക്കാനുള്ള വിഫലശ്രമങ്ങൾ നടത്തിയതായും ഓർമ്മയുണ്ടെനിക്ക്. കുറച്ചുകാലത്തിന് ശേഷം, അപ്പായുടെ പുസ്തക ശേഖരത്തിനിടയിൽ നിന്ന്, വെളുത്ത പുറംചട്ടയിൽ പൂക്കളും 'പന്നിവാൽ' മുടിയുമായി നിൽക്കുന്ന വികൃതിക്കുട്ടിയുടെ മുഖം എന്റെ കണ്ണിലുടക്കി. ആഹ്ലാദത്തോടെ ഞാനതു വായിക്കാനെടുത്തു. എന്നാൽ ആദ്യവായനക്കാലത്തുണ്ടായ ആവേശം എനിക്കു തോന്നിയില്ല. ചില ഭാഗങ്ങൾ തിരഞ്ഞെടുത്തു വായിച്ചു, ചിലപ്പോഴൊക്കെ. പിന്നെ വായന മുന്നോട്ടു പോവാതെയായി.

ഇപ്പോൾ ഒൻപതാം ക്ലാസിലെത്തിയപ്പോൾ ഈ കുറിപ്പിനു വേണ്ടി, ടോട്ടോചാനെ വീണ്ടും വായിക്കാൻ ശ്രമിക്കുമ്പോൾ, ആത്മാർത്ഥതയോടെ ആസ്വദിച്ചു വായിക്കുവാൻ എനിക്ക് കഴിയുന്നില്ല. വായനയുടെയും ചിന്തയുടെയും വളർച്ചയുടെയും ഇന്നത്തെ ഘട്ടത്തിൽ നിൽക്കുമ്പോൾ ടോട്ടോ എന്നെ അവളുടെ യാത്രകളിൽ കൂടെക്കൂട്ടുന്നില്ല. ടോട്ടോചാൻ, അവൾക്കു പറയാനുള്ളതെല്ലാം അന്നേ എന്നോട് പറഞ്ഞുകഴിഞ്ഞതിനാലാവാം, ഒരു പക്ഷെ അത്. ഏതായാലും ഒരിക്കൽ ഏറ്റവും ആനന്ദകരമായ വായനാനുഭവം തന്ന ആ പുസ്തകത്തെ, മുഷിഞ്ഞിരുന്ന് വായിക്കേണ്ടെന്ന് തീരുമാനിക്കുകയാണ് ഞാൻ. പകരം അന്ന്, ആ കൊച്ചു മൂന്നാം ക്ലാസ്സുകാരിക്ക് എന്തായിരുന്നു ടോട്ടോചാൻ എന്ന് ഓർത്തുനോക്കുകയാണ്, ഞാൻ ഈ കുറിപ്പിൽ ചെയ്യുന്നത്.

കൊച്ചു ടോട്ടോയുടെ അതേ പ്രായമായിരുന്നു എനിക്കും. രാവിലെ, ഷൂസും ടൈയുമൊക്കെ ഇട്ട് സ്കൂളിൽ പൊയ്ക്കൊണ്ടിരുന്ന ഞാൻ പക്ഷെ മനസ്സുകൊ

⇨ *ഇപ്പോഴാണ് 'ടോട്ടോചാൻ' ആദ്യമായി വായിക്കുന്നതെങ്കിൽ എന്റെ മനോഭാവം എന്തായിരിക്കുമെന്നറിയില്ല* ⇨



ണ്ട്, ടോട്ടോയോടൊപ്പം അവളുടെ സ്കൂളിലായിരുന്നു. അവളുടെ 'നടത്ത'ത്തിലും, 'തുറന്ന പാചകശാലയിലും, 'ചുടുനീരുറവ'യിലും 'പാട്ടുപഠിത്ത'ത്തിലുമെല്ലാം. ഇന്നാലോചിക്കുമ്പോൾ, സമ്മർദ്ദദായകമായ ഒരു പാഠ്യപദ്ധതിയിലായിരിക്കുമ്പോഴും, അത്രമേൽ കാഠിന്യം തോന്നാതിരിക്കാനുള്ള ഒരു കാരണം ടോട്ടോചാനൊത്തുള്ള ഈ സമാന്തര മാനസസഞ്ചാരമായിരിക്കാം എന്നുതോന്നുന്നു. തനിക്കിഷ്ടമുള്ളത് ചെയ്യാൻ സ്വാതന്ത്ര്യമുള്ളവളായി, എപ്പോഴും നിഷ്കളങ്കയും ആഹ്ലാദവതിയുമായി തുള്ളിച്ചാടി നടന്ന ടോട്ടോ എനിക്ക് ആശ്വാസമായി. അവളുടെ സന്തോഷങ്ങളും സങ്കടങ്ങളും എന്റേതും കൂടിയായി.

ടോട്ടോചാനിലെ സംഭവങ്ങൾ ഇടയ്ക്കിടെ വീട്ടിൽ പറയുകയും, അവളുടെ ചിത്രങ്ങൾ കടലാസിൽ വരയ്ക്കുകയും ചെയ്യുമായിരുന്നു ഞാൻ. ആ പുസ്തകം മുന്നോട്ടുവയ്ക്കുന്ന 'വിദ്യാഭ്യാസം സർഗാത്മകമായിരിക്കേണ്ടതിന്റെ ആവശ്യം' തുടങ്ങിയ ആശയലോകങ്ങളല്ല എന്നിലെ എട്ടു വയസ്സുകാരിയെ ആകർഷിച്ചത്. ടോട്ടോയുടെ തീവണ്ടി പള്ളിക്കൂടത്തിലെ ഓരോ കാര്യങ്ങളിലുമുള്ള പങ്കുകൊള്ളലായിരുന്നു എനിക്ക് ടോട്ടോചാൻ വായന. യാഥാർത്ഥ്യത്തെ കാൽപനിക രൂപത്തിൽ മനോഹരമായി എഴുതിയിട്ടുള്ള ആ പുസ്തകം, വായനക്കാരുടെ ഭാവനയെ പ്രചോദിപ്പിക്കുന്നു. ടോട്ടോചാന് പ്രിയപ്പെട്ട പേഴ്സ്, ടോയ്‌ലറ്റിൽ കളഞ്ഞുപോയതും അവൾ അതിലെ അഴുക്കു മുഴുവൻ വാരിപുറത്തിട്ട് പേഴ്സ് തിരഞ്ഞതുമൊക്കെ ഞാനെന്റെ മനസ്സിൽ വരച്ചു സങ്കൽപ്പിച്ചു. അതുവഴി കടന്നുപോയ കൊബായാഷി മാസ്റ്റർ അവളെ ശകാരിച്ചില്ല എന്ന തത്വമോ നിരീക്ഷണമോ അന്നെന്നെ ബാധിച്ചില്ല.

സവിശേഷമായ ഒരു വിദ്യാലയത്തിൽ അപൂർവ്വവും മനോഹരവുമായ പാഠ്യരീതികളിലൂടെ, കൊബായാഷി മാസ്റ്റർ എന്ന മഹാനായ വ്യക്തിയുടെ ശിക്ഷണത്തിൽ വളർന്ന തെത്സുകോ കുറോയാനഗിയുടെ ബാല്യകാല സ്മരണകൾ - എന്ന മട്ടിലുള്ള ഇന്നത്തെ വായനയെക്കാൾ, ഏഴും എട്ടും വയസ്സുണ്ടായിരുന്നപ്പോഴത്തെ വായനയാണ് എനിക്ക് പ്രിയപ്പെട്ടത്. ഒരു പതിനാലുകാരിയ്ക്ക് ഒരെട്ടുവയസ്സുകാരിയുടെ ജീവിതത്തോടൊപ്പം സഞ്ചരിക്കുക അത്ര ആവേശമുള്ള കാര്യമല്ല. പണ്ടത്തെപ്പോലെ ടോട്ടോയോടൊപ്പം റ്റോമോ സ്കൂളിൽ പോകാനും അവളുടെ കുസൃതികളിൽ കൂടെ നിൽക്കാനും എനിക്കിന്ന് കഴിയില്ല. മുതിർന്നപ്പോൾ എന്റെ വായനാഭിരുചിയിലുണ്ടായ മാറ്റം, വേറൊരു വെളിച്ചത്തിലുള്ള വായനയായിരിക്കാം ആവശ്യപ്പെടുന്നത്.

ഒരുപക്ഷെ ഇപ്പോഴാണ് 'ടോട്ടോചാൻ' ആദ്യമായി വായിക്കുന്നതെങ്കിൽ എന്റെ മനോഭാവം എന്തായിരിക്കുമെന്നറിയില്ല. ടോട്ടോചാൻ വളരെ ഹൃദ്യമായ ഒരു പുസ്തകമാണെന്നത് നിസ്സംശയമാണ്. ■


**കേരളീയം വരിസംഖ്യ**
**300 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**
**എഴുതുക/വിളിക്കുക/അയക്കുക**

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446576943